**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4907** **26.06.2019-ൽ മറുപടിയ്ക്ക്**

## റോഡപകടനിരക്ക് കുറയ്ക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എ.പ്രദീപ്കുമാർ**<br>**ശ്രീ. എൻ. വിജയൻപിള്ള**<br>**ശ്രീമതി. യു.പ്രതിഭ**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്:** | **ശ്രീ. എ.കെ.ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാഹനപ്പെരുപ്പം പ്രത്യേകിച്ച് ഇരുചക്രവാഹനങ്ങൾ റോഡുകളുടെ വാഹകശേഷിക്കും അപ്പുറം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് അപകടനിരക്ക് വർദ്ധിക്കാനിടയാക്കുന്ന സാഹചര്യത്തിൽ പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്താൻ പദ്ധതിയുണ്ടോ; | (എ) | ഇരുചക്രവാഹനങ്ങളുടെ എണ്ണം റോഡുകളുടെ വാഹകശേഷിയേക്കാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അപകടങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ ഇല്ല. |
| (ബി) | വാഹനമോടിക്കുന്നതിലെ ശ്രദ്ധക്കുറവും പരിചയക്കുറവും ലഹരി വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്നതും റോഡപകടങ്ങളുടെ മുഖ്യകാരണങ്ങളായതിനാൽ വാഹന പരിശോധന കർക്കശമാക്കുന്നതിനും ലൈസൻസ് നേടുന്നതിനുള്ള പരീക്ഷകൾ അഴിമതി രഹിതമാക്കി കാര്യക്ഷമമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; | (ബി) | ലഹരി വസ്തുക്കൾ ഉപയോഗിച്ച് വാഹനമോടിക്കുന്നതുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നടപടി സ്വീകരിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് ലഭ്യമാക്കാറുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകട സാധ്യത കൂടിയ മേഖലകളിൽ മോട്ടോർ വാഹന വകുപ്പ് കർശനമായ പരിശോധനകൾ നടത്തിവരുന്നു. ഈ ലക്ഷ്യം മുൻനിർത്തി രൂപീകരിച്ചിട്ടുള്ള സേഫ് കേരള സ്ക്വാഡുകൾ ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തിവരുന്നു. കൂടാതെ ഡ്രൈവിംഗ് ടെസ്റ്റുകൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | റോഡിലെ തിരക്ക് കുറയ്ക്കാൻ ഉതകുന്ന ഉൾനാടൻ ജലഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ, കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ നീളം വരുന്ന വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ഉം 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ഭാഗവും ഉൾപ്പെടെ 328 കി.മീ ഭാഗം ദേശീയപാത (NW-3) യാണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി.മീ എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിന്റെ കീഴിൽ നടത്തിവരുന്നത്. കൂടാതെ വിവിധ ജില്ലകളിലായി ലിങ്ക് കനാലുകളും, ഫീഡർ കനാലുകളുമായി 1100 കി.മീ വരുന്ന കനാൽ ശൃംഖല വെസ്റ്റ്കോസ്റ്റ് കനാലിനെ വിവിധ നഗരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതായുണ്ടായിരുന്നു. ചരക്കുഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഫീഡർ കനാലുകളും, ലിങ്ക് കനാലുകളും |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിന് പഠനം നടത്തുകയും മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുകയും ചെയ്യുന്നതാണ്. |
| (ഡി) | ജലഗതാഗതത്തിന് വേഗതയേറിയ ബോട്ടുകൾ ഉപയോഗിച്ച് യാത്രക്കാരെ ആകർഷിക്കുവാൻ നടപടിയെടുക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ജലഗതാഗത രംഗത്ത് വേഗതയേറിയ ബോട്ടുകൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി വൈക്കം – എറണാകുളം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ളതും വേഗതകൂടിയതും ആധുനിക സജ്ജീകരണങ്ങൾ ക്രമീകരിച്ചിട്ടുള്ളതുമായ ബോട്ടുപയോഗിച്ച് 04-11-2018 മുതൽ വിജയകരമായി സർവ്വീസ് നടത്തിവരുന്നു. കൂടാതെ ആലപ്പുഴയിൽ നിന്നും കോട്ടയത്തേക്ക് ഏറ്റവും കുറഞ്ഞസമയം കൊണ്ട് എത്തിച്ചേരുന്നതിനുള്ള അതിവേഗ ബോട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. |

**സെക്ഷൻ ഓഫീസർ**